# സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ പരീക്ഷാ ബോർഡ്

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം - 673 636, ഫോൺ: 0494 2401262, 2401263. ഇ-മെയിൽ: samasthalayam@gmail.com

സർക്കുലർ നമ്പർ: EB/215/2021 തിയ്യതി: 29-06-2021

## പൊതുപരീക്ഷ - 2022

**സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ പരീക്ഷാ ബോർഡിൽ നിന്നും മദ്റസാ മാനേജിംഗ് കമ്മിറ്റികളെയും മുഅല്ലിമീങ്ങളെയും അറിയിക്കുന്നത്.**

മാന്യരെ, السّلام عليكم

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ പരീക്ഷാ ബോർഡ് ഈ അധ്യയന വർഷം 2022 മാർച്ച് 12,13 (ശനി, ഞായർ), (1443 ശഅബാൻ 9, 10) തിയ്യതികളിൽ ഇന്ത്യയിലും, 2022 മാർച്ച് 11,12 (വെള്ളി, ശനി) (1443 ശഅബാൻ 8, 9) തിയ്യതികളിൽ വിദേശ രാജ്യങ്ങളിലും നടത്തുന്ന പൊതുപരീക്ഷയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. 2022 സ്കൂൾവർഷ പൊതുപരീക്ഷയും ഇതേ ദിവസങ്ങളിൽ തന്നെയാണ് നടക്കുന്നത്.

**പരീക്ഷാ തിയ്യതി : ഇന്ത്യയിൽ 2022 മാർച്ച് 12,13 ശനി, ഞായർ (1443 ശഅബാൻ 9,10)**
**വിദേശങ്ങളിൽ 2022 മാർച്ച് 11,12 വെള്ളി, ശനി (1443 ശഅബാൻ 8,9)**

## വിഷയങ്ങൾ:

അഞ്ചാം ക്ലാസ്: ١) قرآن - حفظ ٢) فقه ٣) عقيدة ٤) تاريخ ٥) أخلاق ٦) تجويد ٧) لسان القرآن

ഏഴാം ക്ലാസ്: ١) قرآن- حفظ ٢) فقه ٣) تاريخ ٤) لسان القرآن ٥) دروس الإحسان

പത്ത്, പ്ലസ്ടു ക്ലാസുകൾ: ١) تفسير ٢) فقه ٣) لسان القرآن ٤) دروس الإحسان

## സമയ വിവരം

| ക്ലാസ് | ഇന്ത്യയിൽ 12-03-2022 ശനി 8.00am - 10.00am<br>വിദേശങ്ങളിൽ 11-03-2022 വെള്ളി 3.00pm - 5.00pm | ഇന്ത്യയിൽ 12-03-2022 ശനി 11.00am - 1.00pm<br>വിദേശങ്ങളിൽ 11-03-2022 വെള്ളി 5.30pm - 7.30pm | ഇന്ത്യയിൽ 13-03-2022 ഞായർ 8.00am - 10.00am<br>വിദേശങ്ങളിൽ 12-03-2022 ശനി 8.00am - 10.00am | ഇന്ത്യയിൽ 13-03-2022 ഞായർ 11.00am - 1.00pm<br>വിദേശങ്ങളിൽ 12-03-2022 ശനി 10.30am - 12.30pm |
|---|---|---|---|---|
| അഞ്ച് | ഫിഖ്ഹ് | ലിസാനുൽ ഖുർആൻ, തജ്‌വീദ് | അഖീദ | താരീഖ്, അഖ്‌ലാഖ് |
| ഏഴ് | ലിസാനുൽ ഖുർആൻ | താരീഖ് | ഫിഖ്ഹ് | ദുറൂസുൽ ഇഹ്സാൻ |
| പത്ത് | ദുറൂസുൽ ഇഹ്സാൻ | ഫിഖ്ഹ് | തഫ്സീർ | ലിസാനുൽ ഖുർആൻ |
| പ്ലസ്ടു | തഫ്സീർ | ദുറൂസുൽ ഇഹ്സാൻ | ലിസാനുൽ ഖുർആൻ | ഫിഖ്ഹ് |

**12-03-2022 ശനിയാഴ്ച 2.00pm - 4.00pm അഞ്ച്, ഏഴ് ക്ലാസുകളിലെ ഖുർആൻ, ഹിഫ്ള് പരീക്ഷ**

## പൊതുപരീക്ഷാ ഫീസ്

- പൊതുപരീക്ഷ കുട്ടികളുടെ രജിസ്ട്രേഷനും ഫീസും **2021 നവംബർ 1 മുതൽ 30 വരെ** https://online.samastha.info എന്ന സൈറ്റ് തുറന്ന് മദ്റസ ലോഗിൻചെയ്ത് ഓൺലൈനായി ചെയ്യേണ്ടതാണ്.
- പരീക്ഷാ ഫീസ് അഞ്ച്, ഏഴ്, പത്ത്, പ്ലസ്ടു ക്ലാസുകളിൽ ഇന്ത്യയിൽ ഒരു കുട്ടിക്ക് 180/-രൂപ, വിദേശങ്ങളിൽ 700രൂപ.
- പത്തിൽ കുറഞ്ഞ അപേക്ഷാർത്ഥികളുള്ള മദ്റസകൾക്ക് സ്വന്തം സെന്റർ ലഭിക്കണമെങ്കിൽ ഫീസടക്കം ഇന്ത്യയിൽ 1,800/- രൂപ, വിദേശങ്ങളിൽ 7,000രൂപ അടക്കണം.
- നിശ്ചിത തിയ്യതിക്കു ശേഷം 15 ദിവസം വരെ ഒരു കുട്ടിക്ക് നിശ്ചിത ഫീസിന് പുറമെ 90/- രൂപ സ്പെഷ്യൽ ഫീസോടുകൂടി (180+90=270രൂപ) അടക്കേണ്ടതാണ്. പത്തിൽ കുറഞ്ഞ അപേക്ഷാർത്ഥികളുള്ള മദ്റസകൾക്ക്സ്വന്തം സെന്റർ ലഭിക്കണമെങ്കിൽ 2,700/- രൂപ (1,800+900=2,700രൂപ) അടക്കേണ്ടതാണ്.
- യത്തീംഖാനകളിലെ അനാഥകുട്ടികൾക്ക് ഫീസ് ഇളവ് ഉള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ പൊതുപരീക്ഷാ കുട്ടികളുടെ വിവരങ്ങൾ ഓൺലൈനായി ചേർക്കുകയും, അനാഥകളുടേതല്ലാത്ത ഫീസ് ഓഫീസിൽ നേരിട്ട് അടക്കേണ്ടതുമാണ്. അനാഥകുട്ടികളുടെ ഫീസ് സംഭാവനയായി തന്നു എന്നതിനുള്ള യതീംഖാന കമ്മിറ്റിയുടെ രശീതി കൂടെ കൊണ്ട് വരേണ്ടതാണ്.

**പൊതുപരീക്ഷാ ഫീസ് അടക്കേണ്ട അവസാന തിയ്യതി 2021 നവംബർ 30**

(മറുപുറം)

## ഖുർആൻ പരീക്ഷ

1) 5, 7 ക്ലാസുകളിലെ ഖുർആൻ പരീക്ഷ മദ്റസാ കമ്മിറ്റി പ്രതിനിധിയുടെയും ഖിറാഅത്തിൽ പ്രാവീണ്യമുള്ള ഒരു അധ്യാപകന്റെയും സാന്നിദ്ധ്യത്തിൽ സൂപ്രവൈസർ നിശ്ചിത സമയത്ത് നടത്തേണ്ടതാണ്.
2) ഖുർആൻ മുഴുവനാണ് പരീക്ഷക്ക് നിശ്ചയിച്ചിരിക്കുന്നത്. ഖുർആനിലെ ഏതെങ്കിലും ഭാഗത്തു നിന്ന് നാല് ആയത്തുകൾ വീതം കുട്ടികളെ കൂട്ടമായി ഇരുത്തി ഓരോ കുട്ടിയെകൊണ്ടും മുസ്ഹഫിൽ നോക്കി ഓതിക്കണം. കൂടാതെ അഞ്ചാം ക്ലാസിൽ 'സൂറത്ത് യാസീനിൽ' നിന്നും, ഏഴാം ക്ലാസിൽ 'സൂറത്തുൽ വാഖിഅ' യിൽ നിന്നും രണ്ട് ആയത്തുകൾ വീതം മുസ്ഹഫ് നോക്കാതെയും ഓതിക്കണം.
3) പരീക്ഷക്ക് മാർക്ക് കണക്കാക്കേണ്ടത് ഉച്ചാരണ ശുദ്ധി (25), നിയമം (35), തുടക്കവും വിരാമവും (20), ശബ്ദ ഭംഗി, ശൈലി (20) എന്നീ ക്രമത്തിലാണ്. മുസ്ഹഫ് നോക്കി ഓതുന്നതിന് (60), മനഃപാഠം ഓതുന്നതിന് (40) എന്നിങ്ങനെ 100 മാർക്ക് കണക്കാക്കി ഒന്നിച്ച് രേഖപ്പെടുത്തണം.
4) ഖുർആൻ പാരായണത്തിന് നിർവ്വാഹമില്ലാത്ത പെൺകുട്ടികളോട് 'അത്തഹിയ്യാത്തോ, ഖുനൂത്തോ ഓതിപ്പിച്ച് മാർക്കിട്ടാൽ മതി. ഹാജരുള്ള കുട്ടികളുടെ പേരിന് നേരെ 'X' എന്നും, ഹാജരില്ലാത്ത കുട്ടികളുടെ പേരിന് നേരെ 'A' എന്നുമാണ് രേഖപ്പെടുത്തേണ്ടത്.
5) സംസാര ശേഷിയില്ലാത്ത കുട്ടികൾക്ക് മറ്റുവിഷയങ്ങളിൽ ലഭിച്ച മാർക്കിന്റെ ആവറേജ് കണക്കാക്കി ഖുർആൻ പരീക്ഷക്ക് ഗ്രേസ് മാർക്ക് നൽകുന്നതാണ്.
6) ഹാജർ പട്ടികയിലെ നിശ്ചിത കോളത്തിൽ വർഷാരംഭം മുതൽ ഇതെ വരെയുള്ള ആകെ ഹാജർ ചേർക്കേണ്ടതാണ്. ഓരോ കുട്ടിയുടെയും ആകെ ഹാജർ ചേർക്കാൻ സൂപ്രവൈസർമാർക്ക് സൗകര്യം ചെയ്തു കൊടുക്കണം. ഹാജർ പട്ടികയും ഖുർആൻ മാർക്ക് ലിസ്റ്റും സൂപ്രവൈസർമാരുടെ പേരും ഒപ്പും ഫോൺ നമ്പറും രേഖപ്പെടുത്തി സൂപ്രണ്ട് വശം ഏൽപിക്കേണ്ടതാണ്.

## ഓൺലൈനായി അപേക്ഷിക്കേണ്ട വിധം

ഓൺലൈൻ വഴിയാണ് പൊതുപരീക്ഷക്ക് അപേക്ഷിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടത്. https://online.samastha.info സൈറ്റ് തുറന്ന് മദ്റസ ലോഗിൻ ഐഡിയും പാസ് വേർഡും നൽകി ഓപ്പണാക്കുക.

1) ഇംഗ്ലീഷിൽ പൂരിപ്പിക്കേണ്ട കോളത്തിൽ ഇംഗ്ലീഷിലും, അറബിയിൽ പൂരിപ്പിക്കേണ്ട കോളത്തിൽ അറബിയിലും മാത്രം പൂരിപ്പിക്കുക.
2) മദ്റസ കമ്മിറ്റിയുടെയും ഉസ്താദുമാരുടെയും വിവരങ്ങൾ ചേർത്തിട്ടില്ലെങ്കിൽ നിർബന്ധമായും ചേർക്കണം. Register Students എന്നതിൽ ക്ലിക്ക് ചെയ്താൽ മദ്റസ കമ്മിറ്റി സെക്രട്ടറിയുടെയും, സ്വദർ മുഅല്ലിമിന്റെയും, മദ്റസ ഉസ്താദുമാരുടെയും വിവരങ്ങൾ കാണാം. 5, 7, 10, 12 ക്ലാസ് സെലക്ട് ചെയ്ത് ശേഷം ഉസ്താദുമാരെയും സെലക്ട് ചെയ്യുക. തുടർന്ന് കുട്ടികളുടെ അഡ്മിഷൻ നമ്പർ കൊടുക്കുക. ആൺ/പെൺ സെലക്ട് ചെയ്യുക. കുട്ടിയുടെ പേരും ഇനീഷ്യലും മാത്രം (വീട്ടുപേര് വേണ്ട) ടൈപ്പ് ചെയ്ത്, കുട്ടിയുടെ പിതാവിന്റെ പേര്, ജനന തിയ്യതി, അഡ്മിഷൻ തിയ്യതി, ഈ ക്ലാസിൽ എത്രാം വർഷം എന്നിവയും ചേർക്കുക. ഹാൾടിക്കറ്റിന് വേണ്ടി കുട്ടിയുടെ ഫോട്ടോ അപ്ലോഡ് ചെയ്യുക. മറ്റുള്ള കുട്ടികളെയും അത് പോലെ പൂരിപ്പിക്കുക. രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ താഴെ കാണാവുന്നതാണ്.
3) 7, 10, 12 ക്ലാസുകളിലെ കുട്ടികളെ ചേർക്കുമ്പോൾ ആദ്യം സർട്ടിഫിക്കറ്റ് നമ്പർ എന്റർ ചെയ്യണം. അപ്പോൾ സർട്ടിഫിക്കറ്റിലെ പേര്, പിതാവിന്റെ പേര്, ജനന തിയ്യതി സ്ക്രീനിൽ കാണും. ആ വിവരങ്ങൾ ഇംഗ്ലീഷിൽ എന്റർ ചെയ്യുകയും, ബാക്കി കോളങ്ങൾ പൂരിപ്പിക്കുകയും ചെയ്യുക. (ഉദാഹരണം: ഏഴാം ക്ലാസിലെ കുട്ടിയെ ചേർക്കുമ്പോൾ ആദ്യം 5-ാം ക്ലാസിലെ (2020ലെ) സർട്ടിഫിക്കറ്റ് നമ്പറും, പത്താം ക്ലാസിലെ കുട്ടിയെ ചേർക്കുമ്പോൾ 7-ാം ക്ലാസിലെ (2019ലെ) സർട്ടിഫിക്കറ്റ് നമ്പറും, പ്ലസ്ടു ക്ലാസിലെ കുട്ടിയെ ചേർക്കുമ്പോൾ 10-ാം ക്ലാസിലെ (2020ലെ) സർട്ടിഫിക്കറ്റ് നമ്പറും നിർബന്ധമായും ചേർക്കണം)
4) സർട്ടിഫിക്കറ്റ് നമ്പർ ഇല്ലാത്തവർ യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റോ, ബോർഡ് നൽകിയ പ്രൊമോഷൻ കത്തോ അപ്ലോഡ് ചെയ്യേണ്ടതാണ്.
5) ഡാറ്റ സബ്മിറ്റ് ചെയ്യുന്നതിന് മുമ്പ് കുട്ടികളുടെ വിവരങ്ങൾ എല്ലാം ശരിയാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ സബ്മിറ്റ് ചെയ്യാവൂ. ഫൈനൽ സബ്മിറ്റ് ചെയ്തതിന് ശേഷം എഡിറ്റ് ചെയ്യാനോ, കുട്ടി ചേർക്കാനോ സാധിക്കുന്നതല്ല. ഡാറ്റയിലെ തെറ്റുകൾക്ക് ഓഫീസ് ഉത്തരവാദിയാകുന്നതല്ല.
6) തുടർന്ന് Fee Payment ക്ലിക്ക് ചെയ്ത് (ഹനഫി, അറബിക്-തമിഴ്, ഉറുദു, ഹനഫി അറബിക് തമിഴ്) പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം നിശ്ചിത കോളത്തിൽ എന്റർ ചെയ്യണം. രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം ഇവിടെ കാണാൻ കഴിയും. അതിൽ സ്വന്തം സെന്റർ ലഭിക്കണമെങ്കിൽ 10 കുട്ടികളുടെ ഫീസ് അടക്കണം. അല്ലെങ്കിൽ റൈഞ്ചിലെ ഫീസടച്ച മദ്റസകളുടെ ലിസ്റ്റ് അവിടെ കാണും. അതിൽ സെന്ററാക്കാനുദ്ദേശിക്കുന്ന മദ്റസ സെലക്ട് ചെയ്യുക. ഫീസടക്കേണ്ട Total Amount അവിടെ കാണാൻ കഴിയും. എല്ലാം ശരിയാണെന്ന് ഉറപ്പ് വരുത്തി സബ്മിറ്റ് ക്ലിക്ക് ചെയ്യുക. (ശ്രദ്ധിക്കുക ഇതിൽ ക്ലിക്ക് ചെയ്താൽ പിന്നെ എഡിറ്റിംഗ് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് കുട്ടികളുടെ വിവരങ്ങളും, എണ്ണവും, ഫീസും ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം submit കൊടുക്കുക.
7) തുടർന്ന് മുഫത്തിശിന്റെ ഐ.ഡി. ഉപയോഗിച്ച് എല്ലാ ക്ലാസുകളിലെയും കുട്ടികളുടെ എണ്ണം ഒത്തുനോക്കുകയും എല്ലാം ശരിയാണെന്ന് ഉറപ്പ് വരുത്തി അവർ അപ്രൂവ് ചെയ്യുകയും, റെയ്ഞ്ച് സെക്രട്ടറിക്ക് നൽകിയ ഐ.ഡി ഉപയോഗിച്ച് മദ്റസ റെയ്ഞ്ചുമായി സഹകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി അവരും അപ്രൂവ് ചെയ്തതിന് ശേഷം മാത്രമേ ഫീസ് അടക്കാൻ സാധിക്കുകയുള്ളൂ.
8) മുഫത്തിശും റൈഞ്ചും അപ്രൂവ് ചെയ്ത് കഴിഞ്ഞാൽ പേമെൻറ് ചെയ്യാനുള്ള ഒപ്ഷൻ വരും. തുടർന്ന് Terms & Conditions ക്ലിക്ക് ചെയ്ത് Debit/Credit Card, Net Banking, UPI എന്നീ ഒപ്ഷനുകൾ കാണാം. ഇതിൽ ഏത് മുഖേനെയും പേമെന്റ് ചെയ്യാം. (വിശദ വിവരങ്ങൾ മദ്റസ സൈറ്റിലെ നോട്ടിഫിക്കേഷനിൽ ഉണ്ടാവും)

## പ്രത്യേക ശ്രദ്ധക്ക്

- പ്രൈവറ്റായി പഠിച്ച വിദ്യാർത്ഥികളെ പൊതുപരീക്ഷയിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല.
- ഹാൾടിക്കറ്റ് പരീക്ഷക്ക് മുമ്പ് പ്രിന്റ് എടുത്ത് സദർ മുഅല്ലിം സാക്ഷ്യപ്പെടുത്തി പരീക്ഷാർത്ഥികൾക്ക് കൊടുക്കേണ്ടതും, പരീക്ഷാ സമയത്ത് കുട്ടികൾ സൂപ്രവൈസർമാരെ കാണിക്കേണ്ടതുമാണ്.
- പൊതുപരീക്ഷാ ക്ലാസുകളിലെ മുഅല്ലിംകളെ നിർബന്ധമായും സൂപ്രവൈസർ സേവനത്തിന് അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത മദ്റസ പരീക്ഷക്ക് രജിസ്റ്റർ ചെയ്യേണ്ടതില്ല. സൂപ്രവൈസർ സേവനത്തിൽ വീഴ്ച വരുത്തുന്ന മുഅല്ലിംകളുടെ സർവ്വീസ് രജിസ്റ്റർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. പകരം ആളെ അയച്ച് കബളിപ്പിക്കുന്ന മുഅല്ലിമിന്റെ മദ്റസയിലെ പരീക്ഷാഫലം തടഞ്ഞുവെക്കുന്നതാണ്. അതുകൊണ്ടുണ്ടായേക്കാവുന്ന എല്ലാ കഷ്ട-നഷ്ടങ്ങൾക്കും മദ്റസാ കമ്മിറ്റിയും, മുഅല്ലിമും മാത്രം ഉത്തരവാദികളായിരിക്കും.
- പൊതുപരീക്ഷ ഉത്തരപേപ്പറുകളിലെ അക്ഷര തെറ്റുകൾക്ക് മാർക്ക് കുറക്കുന്നതാണ്.
- രണ്ടാം വർഷക്കാരെയും, ഓറൽ പരീക്ഷാർത്ഥികളെയും ടോപ്പ് പ്ലസ് മാർക്കിനും, അവാർഡിനും പരിഗണിക്കുന്നതല്ല.
- ഓരോ വിഷയത്തിനും 97 ശതമാനവും അതിന് മുകളിലും മാർക്ക് ലഭിക്കുന്നവർക്ക് 'ടോപ്പ് പ്ലസ്' പദവി നൽകുന്നതാണ്. ഓരോ വിഷയത്തിനും 80 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് ഡിസ്റ്റിംഗ്ഷനും, 60 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് ഫസ്റ്റ് ക്ലാസും, 50 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് സെക്കന്റ് ക്ലാസും ലഭിക്കുന്നതാണ്. ഓരോ വിഷയത്തിനും 30 ശതമാനം മാർക്ക് ലഭിച്ചവരെ മാത്രമെ വിജയിയായി പരിഗണിക്കുകയുള്ളൂ.
- 2022-ലെ പൊതുപരീക്ഷാ ക്ലാസുകളിൽ ഒരു വിഷയത്തിൽ മാത്രം പരാജയപ്പെടുകയോ പങ്കെടുക്കാൻ കഴിയാതെ വരികയോ ചെയ്ത വിദ്യാർത്ഥികൾക്ക് 180 രൂപ ഫീസടച്ച് "സേ" പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.
- പുനഃപരിശോധനക്ക് (റീവാല്യേഷൻ) ഒരു പേപ്പറിന് 100രൂപ ഫീസ് അടക്കേണ്ടതാണ്. ഈ തുക തിരിച്ചു നൽകുന്നതല്ല.

ചേളാരി
29-06-2021

*ഈ സർക്കുലർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്*

ചെയർമാൻ (ഒപ്പ്)
(SKIMVE Board)